പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 444 — 05.02.2014 - ൽ മറുപടിക്ക്

**'ആശ്വാസകിരണം പദ്ധതി' ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>,, സി. കൃഷ്ണൻ<br>,, പി. ശ്രീരാമകൃഷ്ണൻ<br>,, എസ്. രാജേന്ദ്രൻ | ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സാമൂഹ്യസുരക്ഷാ മിഷൻ നടപ്പാക്കി വരുന്ന 'ആശ്വാസ കിരണം' പദ്ധതി പ്രകാരമുള്ള ധന സഹായ വിതരണത്തിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) | സാമൂഹ്യസുരക്ഷാ മിഷൻ നടപ്പാക്കി വരുന്ന 'ആശ്വാസ കിരണം' പദ്ധതി പ്രകാരമുള്ള ധന സഹായ വിതരണത്തിന് ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റംവരുത്തിയിട്ടുണ്ട്. സ.ഉ.(എം.എസ്.) നം.9/11/സാക്ഷേവ തീയതി 28.01.2011 പ്രകാരം ആശ്വാസകിരണം പദ്ധതി ആനുകൂല്യം ശയ്യാവലംബർ, ബുദ്ധി മാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം ഉള്ളവർ, മാനസിക രോഗികൾ എന്നിവരുടെ പരിചാരകർക്കാണ് അനുവദിച്ച് വന്നിരുന്നത്. എന്നാൽ പ്രായാധിക്യം കൊണ്ടും, ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലാകുകയും ദൈനംദിന കാര്യങ്ങൾക്ക് പര സഹായം ആവശ്യവുമുള്ള മുഴുവൻ ആളുകളുടെയും പരിചാരകരെയും പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് സ.ഉ.(എം.എസ്.) നം.60/12/സാക്ഷേവ തീയതി 11.10.2012 പ്രകാരം ഉത്തരവിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം എന്നീ വൈകല്യങ്ങൾക്ക് വരുമാന പരിധി ബാധകമല്ലായെന്നും വിധവാ പെൻഷൻ, വാർദ്ധക്യ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയവ ലഭിക്കുന്നവരാണെങ്കിലും പരിചാരകർക്ക് അവർ ചെയ്യുന്ന സേവനം പരിഗണിച്ച് ആശ്വാസ കിരണം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ് എന്നുള്ള ഭേദഗതിയും ടി |

| | | | |
|---|---|---|---|
| | | | ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം 400/- രൂപയിൽ നിന്ന് 525/- രൂപയായി 21.08.2013 ലെ സ.ഉ.(എം.എസ്.) 67/2013/സാനീവ പ്രകാരം ഉയർത്തിയിട്ടുണ്ട്.<br>സർക്കാർ ഡോക്ടർ നൽകുന്ന ആശ്വാസകിരണം മെഡിക്കൽ സർട്ടിഫിക്കറ്റിനു പുറമേ എൻ.ആർ.എച്ച്.എം., വയോമിത്രം എന്നീ പദ്ധതികളിലെ ഡോക്ടർമാർ നൽകുന്ന സർട്ടിഫിക്കറ്റും ടി പദ്ധതിയുടെ ആനുകൂല്യത്തിനായി പരിഗണിക്കാമെന്നും സ.ഉ.(എം.എസ്.) നം.18/2013/സാനീവ., തീയതി 01.03.2013 പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇതുമൂലം നിരാലംബരായ വയോജനങ്ങൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്നതായ സ്ഥിതി വിശേഷം സംജാതമായിട്ടുള്ളതായി അറിയാമോ ; പുതിയ ഉത്തരവ് പിൻവലിക്കാൻ തയ്യാറാകുമോ ; | (ബി) | നിരാലംബരായ വയോജനങ്ങൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുകയല്ല മറിച്ച് പ്രായാധിക്യം കൊണ്ടും മറ്റു ചില രോഗങ്ങളാലും കിടപ്പിലാകുകയോ ദൈനംദിന കാര്യങ്ങൾക്ക് മറ്റൊരാളുടെ പരിചരണം ആവശ്യമാവുകയോ ചെയ്യുന്ന എല്ലാവരേയും കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. |
| (സി) | വയോമിത്രം കോ - ഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഇവരുടെ പ്രവർത്തനങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ? | (സി) | വിലയിരുത്തൽ നടത്തിയിട്ടുണ്ട്. വയോമിത്രം പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വയോമിത്രം ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി സാമൂഹ്യ സുരക്ഷാമിഷന്റെ റീജിയണൽ ഡയറക്ടർമാരുടെ തലത്തിലും എക്സിക്യൂട്ടീവ് ഡയറക്ടറുടെ തലത്തിലും റിവ്യൂ മീറ്റിങ്ങുകൾ സംഘടിപ്പിക്കുകയും വയോമിത്രത്തിന്റെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 4 മാസത്തിലൊരിക്കൽ പെർഫോർമൻസ് അപ്രൈസൽ നടത്തുകയും ചെയ്യുന്നുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ